ഓം സായിരാം

# പ്രശാന്തി സന്ദേശം

## പോഡ്കാസ്റ്റ് – ഉപാഖ്യാനം 68

ഓം ശ്രീ സായിരാം!

പ്രശാന്തിസന്ദേശം 68-ാം ഉപാഖ്യാനത്തിലേക്ക് സ്വാഗതം. ലോകമെമ്പാടുമുള്ള സത്യ സായി സേവാ സംഘടനകൾ മുഴുവനും ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ജന്മദി നാഘോഷങ്ങൾക്കുള്ള ഒരുക്കത്തിലാണ്. വരുന്ന അഖണ്ഡഭജനയ്ക്കുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. അത് ആഗോളതലത്തിലാവും എന്നും ഒരു വെർച്വൽ പരിപാടിയാവും




എന്നും ഞാൻ മനസ്സിലാക്കുന്നു. നമുക്കത് നമ്മുടെ കമ്പ്യൂട്ടറുകളിലോ മൊബൈലിലോ ടി.വി.സെറ്റുകളിലോ റേഡിയോ സായി ടെലികാസ്റ്റിലൂടെയോ കാണേണ്ടിവന്നേക്കാം. എന്തായാലും, നമുക്ക് ഒന്നു തീരുമാനിക്കാം-ഭഗവാന്റെ തീരുമാനത്തിന്റെയും ദിവ്യ പരി പാടിയുടെയും മാർഗത്തിൽ ഒന്നും തടസ്സമാവില്ല. നമുക്കത് കാത്തിരുന്ന് മുഴുവൻ ഭജ നയും ആസ്വദിക്കാം. നിങ്ങളുടെയെല്ലാവരുടെയും താത്പര്യത്തിന് നന്ദി.

ഇന്നു കാലത്തെ വിഷയം ഇതാണ്: ''എന്ത്, എന്തിന്?'' ("What" and "What for?") ''എന്ത്, എന്തിന്?''

അതെ. ഈ വിഷയത്തിൽ ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാനായി എന്നെ അനുവദിച്ചാലും.

"എന്ത്" എന്നതുകൊണ്ട്, ഞാനുദ്ദേശിക്കുന്നത് അറിവ് അഥവാ വിവേകം അഥവാ ജ്ഞാനം ആണ്. ഞാൻ അതിനെപ്പറ്റിയാണ് ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. അക്കൂട്ടത്തിൽ നമുക്ക് "എന്തിന്" എന്നതും അറിയാം-ഈ അറിവിന്റെ അഥവാ ജ്ഞാനത്തിന്റെ പ്രയോജനങ്ങളെപ്പറ്റിയും ഉപയോഗത്തെപ്പറ്റിയും.

നാം പല ഇടങ്ങളിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും കേൾക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ട്, ഈ ജ്ഞാനം അഥവാ അറിവ് ഒരു ഗുരുവിനെ സമീപിച്ചാലേ, അദ്ദേഹത്തെ സേവ ചെയ്താലേ, കുറെ ചോദ്യങ്ങൾ ഉന്നയിച്ച്, അവയ്ക്ക് മറുപടി ലഭ്യമാക്കിയാലേ, അതിൽനിന്ന് അറിവ് ലഭ്യമാക്കിയാലേ കിട്ടൂ എന്ന്.



**തദ് വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ** എന്ന് ശാസ്ത്രം പറയുന്നു (ഗുരുവിനെ സമീപിക്കുക, അദ്ദേഹത്തെ സേവിക്കുക, ജിജ്ഞാസയോടെ, അന്വേഷണത്വരയോടെ ചോദ്യങ്ങൾ ചോദിക്കുക). എന്നാൽ, ശിഷ്യൻ അഥവാ വിദ്യാർത്ഥി അവ്യാജനാവണമെന്നില്ലെന്നതിലും നമ്മൾ അവബോധമുള്ളവരാവണം, കാരണം നാം ഒത്തിരി ചതിയന്മാരെ കാണുന്നുണ്ട്. പിന്നിൽനിന്ന് കുത്തുന്നവരുമുണ്ട്. നിരവധി പേർ അവരുടെ സ്വന്തം ഗുരുവിനെ വഞ്ചിക്കുന്നവരാണ്. ഈ വഞ്ചകർ കാരണത്താലാണ് വളരെ വലിയ പല സംഘടനകളും പിളരുന്നത്. അതുകൊണ്ട്, ശിഷ്യന്റെ അഥവാ വിദ്യാർത്ഥിയുടെ ആത്മാർത്ഥത,സത്യസന്ധത, പ്രതിബദ്ധത, സമർപ്പണം ഇവയെപ്പറ്റി നമുക്കുറപ്പില്ല. അതിനാൽ, ***തദ് വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ*** , അത് ഇന്നുവരേക്കും നല്ലതും മികച്ചതുമാകുന്നു. എന്നാൽ, ഈയടുത്ത കാലത്തായി അനുഭവം വ്യത്യസ്തമാണ്.

അതിനാൽ, ഇപ്പോൾ പരിഹാരം ഇതാണ്. ജ്ഞാനം അഥവാ അറിവ് സമ്പാദിക്കുന്നതിനായി മൂന്ന് ഗുണങ്ങൾ അത്യാവശ്യമാണ്. ഒന്ന്: ശ്രദ്ധ,അചഞ്ചലത, ഏകാഗ്രത വളരെ

ആവശ്യമാണ്. രണ്ടാമത്തെ സംഗതി ***തത്പരത്വം***, അർത്ഥം ഏതുവിധേനയും ജ്ഞാനം സമ്പാദിക്കും എന്ന ദൃഢനിശ്ചയം. ജ്ഞാനമൊഴികെ മറ്റൊന്നും വേണ്ടാ എന്ന തരത്തിലുള്ള തീരുമാനം. മുഴുവൻ ശ്രദ്ധയും ജ്ഞാനസമ്പാദനത്തിൽ മാത്രം. ഇതാണ് ***തത്പരത്വം***. മൂന്നാമത്തെ ആവശ്യകത ***സംയമം*** ആണ്. സംയമം എന്നാൽ നിയന്തിക്കപ്പെടുന്നത്, പരിമിതപ്പെടുത്തുന്നത്. നമ്മുടെ ഇന്ദ്രിയങ്ങൾ നമ്മെ ലക്ഷ്യത്തിൽനിന്ന്, പ്രാപ്യസ്ഥലത്തുനിന്ന് വ്യതിചലിപ്പിക്കും. നമ്മൾ സ്ഥാനമാനങ്ങൾ, സ്വത്തുവകകൾ, ആഡംബരം, നിരർത്ഥകദ്രവ്യങ്ങൾ തുടങ്ങിയ സംഗതികളാൽ പ്രലോഭിപ്പിക്കപ്പെടും. അതുകൊണ്ട്, നമ്മുടെ ശ്രദ്ധ തിരിക്കാൻ, വ്യതിചലിപ്പിക്കാൻ, വഴിതിരിച്ചുവിടാൻ പല കാര്യങ്ങളുമുണ്ടാവും. എന്നാൽ നമുക്ക് ഏകാഗ്രശ്രദ്ധയുണ്ടാവണം. അതിന്, നമുക്ക് ***സംയമം*** അഥവാ നിയന്ത്രണം അഥവാ ദമം വേണം. ആ സാഹചര്യത്തിൽ, നമുക്ക് ഉറപ്പായും ജ്ഞാനലബ്ധിയുണ്ടാവും, *ജ്ഞാനം ലബ്ധാ*. നിങ്ങൾക്ക് ഉറപ്പായും *ആത്മ ജ്ഞാനം,* ആത്മാവിനെപ്പറ്റിയുള്ള അറിവ് ഉണ്ടാവും.




അതിനാൽ, നമുക്ക് ഒരു നല്ല ഗുരുവിനെ കിട്ടിയില്ല എന്ന് നമ്മൾ ആധിപ്പെടേണ്ട ആവശ്യമില്ല, ഒരു ആവശ്യവുമില്ല. നമ്മൾ സായീഭക്തർ പ്രത്യേകമായി അനുഗ്രഹിക്കപ്പെട്ടവരാണ്. നമുക്ക് ഭഗവാൻ ബാബതന്നെ ഗുരുവായി ഉണ്ട്, അവിടുന്ന് നമുക്ക് *ഗുരൂപദേശം* തന്നിട്ടുണ്ട്, അവിടുത്തെ പ്രബോധനങ്ങളായി; അവിടുത്തെ രചനകളായി, പ്രബോധനങ്ങളായി, പ്രഭാഷണങ്ങളായി, സംഭാഷണങ്ങളായി, *ഗുരൂപദേശം* വെളിവാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ഭഗവാൻ ബാബ നമുക്ക് ഗുരുവായി ഉള്ളപ്പോൾ, ഇത്തരം *ശ്രദ്ധ, തത്പരത്വം, സംയമം*-ഏകാഗ്രത, പരിശ്രമിക്കാനുള്ള, അതുമാത്രം ആർജ്ജിക്കാനുള്ള നിശ്ചയം, നമ്മുടെ മനസ്സ് ഒരിക്കലും വ്യതിചലിക്കാതിരിക്കാനുള്ള നിയന്ത്രണം ഇവ, പുലർത്താൻ നമുക്കറിയാം. അപ്പോൾ മറ്റെല്ലാം അനുബന്ധങ്ങളായി മാറും. അത്രമാത്രം. ഈ മാർഗത്തിലൂടെ നമുക്ക് ജ്ഞാനം അഥവാ അവബോധം ഉറപ്പാവുന്നു.

അപ്പോൾ, ചോദ്യം ഉയർന്നേക്കാം: ഈ ജ്ഞാനത്തിന്റെ ഫലമെന്താണ്? ഈ ജ്ഞാനത്തിന്റെ അനുഭവമെന്താണ്? എനിക്കെന്താണ് ഇതിൽനിന്ന് കിട്ടുക? അവർ പറയുന്നു നിങ്ങൾക്ക് ആനന്ദപൂർണമായ *മോക്ഷം* ലഭിക്കുമെന്ന്. *മോക്ഷം* എന്നാൽ സ്വാതന്ത്ര്യം, വിമോചനം, അത് പരമാനന്ദാവസ്ഥയാണ്. ശാന്തിയുടെ അവസ്ഥയാണത്. ആ ശാന്തി




ക്ക്, അഥവാ പ്രശാന്തിക്ക് അഥവാ പരമമായ നിർവൃതിദായകമായ സമാധാനത്തിന് പകരമായി ഒന്നുമില്ല. ആ അവസ്ഥയ്ക്ക് തുല്യമായി ഒന്നുമില്ല. ധാരാളം ലൗകികസമ്പത്തുകൾ, സ്ഥാനമാനങ്ങൾ, ആസ്തികൾ ഒക്കെയുള്ള നിരവധി പേരെ നമുക്കറിയാം, പക്ഷേ അവർക്കൊന്നും മന:സമാധാനമില്ല. അവർ വളരെ അശാന്തരാണ്. എന്നാൽ, ഈ അവബോധം അഥവാ ജ്ഞാനം നിങ്ങൾക്ക് ആ പരമാനന്ദം, ശാന്തി, സ്വാതന്ത്ര്യം ഉള്ള അവസ്ഥ തരുന്നു-ബന്ധനത്തിൽനിന്നുള്ള മുക്തി, ആശകളിൽനിന്നും ആഗ്രഹങ്ങളിൽനിന്നും ഉള്ള മുക്തി. അതുകൊണ്ട്, *പരമശാന്തി അചിരേണ ഗച്ഛതി*, അർത്ഥം നിങ്ങൾക്ക് ആ ശാന്തി, പ്രശാന്തി, താമസിയാതെ ഉറപ്പായും ലഭിക്കും. അതാണ് നമ്മോടെല്ലാവരോടും ഉള്ള ദിവ്യ വിളംബരം, ഉറപ്പ്.

ഈ അറിവ് അഥവാ ജ്ഞാനം ഒരു സാധാരണ കാര്യമല്ലെന്നും നിങ്ങൾ തിരിച്ചറിയണം. അല്ല. ഈ ലോകത്തിലെ ഏറ്റവും അമൂല്യമായ വസ്തുവാണത്. ഒന്നും അതിനോട് സദൃശമായിട്ടില്ല. അസാദ്ധ്യം! അന്നും, ഇന്നും, ഇനി ഭാവിയിലും: *നഹി ജ്ഞാനേന സദൃശം*. മറ്റൊന്നും ജ്ഞാനത്തിന് തുല്യമായിട്ടില്ല. അതുതന്നെയല്ല, അത് ശുദ്ധമാണ്, പരിശുദ്ധം. അത് ശുദ്ധം മാത്രമല്ല, അത് നമ്മെ, നമ്മെയെല്ലാം ശുദ്ധമാക്കുകയും ചെയ്യും. അതിന് കഴിവുണ്ടതിന്. *പവിത്രമിഹ വിദ്യതേ*. അതിന് തുല്യം ഒന്നുമില്ല. അത് പവിത്രതയ്ക്കുവേണ്ടി നിലകൊള്ളുന്നു.

എന്താണീ ജ്ഞാനത്തിന്റെ അഥവാ അറിവിന്റെ സാരം? ഒറ്റ വാചകത്തിൽ: *ഏകം ഏവാദ്വിതീയം ബ്രഹ്മ*. *ഏകം*, ഒരേയൊരു ഒന്ന്(only one). *ഏവ*, മാത്രം. *അദ്വിതീയം ബ്രഹ്മ.* രണ്ടാമതൊന്നില്ല. രണ്ടാമതൊന്നില്ലാത്ത ആ ഒന്ന് (The-one-without-a-second), *ഏകം ഏവാദ്വിതീയം ബ്രഹ്മ*. ഈശ്വരൻ മാത്രമാണ് ആ ഒന്ന്, മറ്റൊന്നുമല്ല. മറ്റെല്ലാം അവിടുത്തെ പ്രക്ഷേപണങ്ങൾ, മുദ്രകൾ മാത്രം.




അതുകൊണ്ട്, അസ്തിത്വമുള്ളത് ആ ദിവ്യബ്രഹ്മം അഥവാ ആത്മാവിനുമാത്രമാണ്. അതാണ് ജ്ഞാനം. അത് നമ്മൾ ഗ്രഹിക്കണം, പരിചിന്തനം ചെയ്യാൻ ശ്രമിക്കണം, ധ്യാനിക്കണം, ആവർത്തിച്ച് മനനം ചെയ്യണം, പിന്നെ ഒരു ഘട്ടത്തിലല്ലെങ്കിൽ മറ്റൊരിക്കൽ, ഈശ്വരകാരുണ്യത്താൽ, നമുക്ക് അനുഭവമുണ്ടായേക്കാം, അല്ലെങ്കിൽ അനുഭവത്തിന്റെ ഒളിമിന്നലെങ്കിലും ലഭിച്ചേക്കാം.

അങ്ങനെ, ഏകമായ ആ ഒന്ന് *ആത്മാവ്, ബ്രഹ്മൻ* മാത്രമാണെന്ന് നാം മന




സ്സിലാക്കുമ്പോൾ, ആ ജ്ഞാനം മാത്രമേ ഉള്ളൂ. കഴിഞ്ഞ പ്രഭാഷണത്തിൽ ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ, *ആത്മാവ്, ജ്ഞാനം, ബ്രഹ്മം*-എല്ലാം ഒന്നുതന്നെ. ഒരിക്കൽ ആ അവബോധം നമ്മിൽ വന്നാൽ, അതുപോലെ മറ്റൊന്നുണ്ടാവില്ല. എല്ലാം ബ്രഹ്മമായി

കാണുന്നു-ഓരോന്നും, ഓരോന്നും-ചരങ്ങളും അചരങ്ങളും, സചേതനവും അചേതനവും, ജഡവും ചൈതന്യവത്തും, ജൈവവും അജൈവവും, എല്ലാം. സൃഷ്ടി മുഴുവൻ ബ്രഹ്മമാണ്, ആത്മാവിന്റെ മാത്രം പ്രതിഫലനമാണ്. അതുകൊണ്ടാണത് ***ശുദ്ധം ബുദ്ധം*** എന്ന് പറയപ്പെടുന്നത്. അതിന് രൂപമില്ല, *നിരാകാരം*, അത് അത്ര മാത്രം വിശാലമാണ്, *സർവവ്യാപക ശുദ്ധം ബുദ്ധം*. അത് ശാശ്വതമാണ്, *നിത്യം*.

*ആത്മാവ്* അഥവാ *സത്ത*യുടെ വിവരണമാണത്. നിങ്ങൾ ആത്മാവാണ്, ഞാൻആത്മാവാണ്. സ്വാമി ആത്മാവാണ്, പരമാത്മാവാണ്. ആ സ്വാമി നിങ്ങൾ മാത്രമാണ്, നിങ്ങൾ സ്വാമിയും. *അഹം ബ്രഹ്മാസ്മി*. അതാണ് ഈ ജ്ഞാനത്തിന്റെ ഫലം. ഈ അവബോധം ശുദ്ധമാണെന്നു തന്നെയല്ല, അത് മറ്റെല്ലാത്തിനെയും പവിത്രമാക്കുന്നു. അങ്ങനെയത് ആത്മാവിന്റെ രൂപം മാത്രം സ്വീകരിക്കുന്നു.

ഇനി, ആ ജ്ഞാനം അഥവാ വിവേകം എങ്ങനെ സമ്പാദിക്കും? അതാണ് അടുത്ത ചോദ്യം. ഇത് വ്യക്തമായി പറയപ്പെട്ടിരിക്കുന്നു: ഏതെങ്കിലും തരത്തിലുള്ള സേവ ചെയ്യുക. നമുക്ക് സംഘടനയിൽ 3 വിഭാഗങ്ങളുണ്ട്: ആദ്ധ്യാത്മികവിഭാഗം, സേവാ വിഭാഗം, പിന്നെ വിദ്യാഭ്യാസവിഭാഗം. നിങ്ങളുടെ മനോഭാവം, അഭിരുചി, സേവാ അവസരങ്ങൾ അനുസരിച്ച്, നിങ്ങൾക്ക് ഏതെങ്കിലും വിഭാഗത്തിൽ പങ്കെടുക്കാം. ഇത്തരം അവസരങ്ങൾ ശ്രദ്ധിക്കുക, സ്വയം ഇത്തരം സേവയിൽ മുഴുകുക. എങ്ങനെ? നിസ്വാർത്ഥമായി, പ്രതീക്ഷകളൊന്നുമില്ലാതെ, ഭഗവാനോടുള്ള പ്രേമം മുൻനിർത്തി, സ്വാമിക്കുള്ള സമർപ്പണവും വഴിപാടുമായി. അപ്പോളത് *കർമ്മയോഗ*മാവും. ഈ *കർമ്മയോഗം* നിങ്ങളെ ആ ഇളകാത്ത, സ്ഥിരപ്രതിഷ്ഠിതമായ, ഏകാഗ്രമായ *സമാധി യോഗം, നിശ്ചലസ്ഥിതി* എന്ന അവസ്ഥയിലേക്ക്-ആ ഇളക്കമില്ലാത്ത അവസ്ഥയിലേക്ക് കൊണ്ടുപോവും. അപ്പോൾ നമുക്ക് ചിത്തശുദ്ധി, പരിശുദ്ധി ഉണ്ടാവും, ഈ പവിത്രത നമ്മെ ജ്ഞാനം, അറിവ് സമ്പാദിക്കുന്നതിന് യോഗ്യരാക്കും.



ഇനി, ഇതിന് രണ്ടു കാര്യങ്ങൾ വേണം: ഈ ജ്ഞാനത്തെപ്പറ്റി അറിയുന്നതിന് നമുക്ക് അഗാധമായ താത്പര്യം, *ജിജ്ഞാസ,* അഗാധമായ താത്പര്യം, ഉണ്ടാവണം. പിന്നെ,

*മുമുക്ഷു*, അർത്ഥം നാം സദാ മോക്ഷാർത്ഥികളാവണം. എന്നാൽ, നിർഭാഗ്യവശാൽ, ദിനംതോറും, ജന്മംതോറും നാം ബന്ധനത്തിലാവുകയാണ്. നാം വിശിഷ്യാ, ഈ ബന്ധനത്തെ ഇഷ്ടപ്പെടുന്നു എന്നാണ് തോന്നുക. ഇതെന്തൊരു ദയനീയാവസ്ഥയാണ്! അല്ല, അതങ്ങനെയല്ല. *മോക്ഷം*, വിമോചനം, ബാബ അരുളുന്നതുപോലെ, "*വിവേകത്തിന്റെ അവസാനമാണ് സ്വാതന്ത്ര്യം*". *ജിജ്ഞാസ,* സ്നേഹം, പ്രേമം, ഈ ജ്ഞാനത്തിലുള്ള സഹജമായ താത്പര്യം, അതാണ് ഭഗവാൻ നമ്മോട് പറയുന്നത്.




വാസ്തവത്തിൽ, ഈ ജ്ഞാനം ഒരു അഗ്നിയാണ്, അതൊരു ചൂളയാണ്. അതെ, അത് നമ്മുടെ പാപങ്ങളെയെല്ലാം ദഹിപ്പിച്ചുകളയുന്ന ഒരു ചൂളയാണ്. നമ്മുടെ പൂർവകർമ്മങ്ങളെല്ലാം, അന്നുവരെ ആർജ്ജിച്ചതൊക്കെ, ഈ അഗ്നിയിൽ, ബോധത്തിന്റെ ചൂളയിൽ, *ജ്ഞാനാഗ്നി*യിൽ എരിഞ്ഞുതീരുമെന്ന് ഉറപ്പാണ്. നിങ്ങളൊരു ചട്ടിയിൽ കുറച്ച് വിത്തുകളെടുത്ത് വറുത്താൽ എന്തു സംഭവിക്കും? ആ വിത്തുകൾ പുറത്തെടുത്ത് നട്ടാൽ ഒരിക്കലും മുളയ്ക്കില്ല, എന്തുകൊണ്ടെന്നാൽ അവ നേരത്തേതന്നെ വറുക്കപ്പെട്ടതാണ്. ഇതേ രീതിയിൽ, നമ്മുടെ സകല പാപങ്ങളും കർമ്മങ്ങളും, വീഴ്ചകളും തെറ്റുകളും, എപ്പോളാണോ ബോധാഗ്നിയിൽ, വിവേകാഗ്നിയിൽ, ജ്ഞാനത്തിൽ പൂർണ്ണമായും എരിക്കുന്നത്, അതെ, നമ്മുടെ പാപങ്ങളെല്ലാം കത്തിയമരുന്നു.

ഇനിയും, നമുക്കെല്ലാവർക്കുമറിയാം, നാം മൂന്നുതരം കർമ്മങ്ങളാണ് ചെയ്യുന്നത്. ഒരു തരം കർമ്മങ്ങൾ നേരത്തേതന്നെ പൂർവജന്മങ്ങളിൽ ചെയ്തതാണ്, അതിനെ *പ്രാരബ്ധം* എന്നു പറയുന്നു. കഴിഞ്ഞ ജന്മങ്ങളിൽ ചെയ്ത ഈ കർമ്മങ്ങളുടെ അന

ന്തരഫലം, ഈ പ്രാരബ്ധം, ഈ ജന്മത്തിൽ നമ്മെ അലട്ടുന്നു. ഇതിനെ തുടച്ചുമാറ്റാനാവില്ല. ഇത് കുറയുകയേ ഉള്ളൂ, ഇത് അപ്രത്യക്ഷമാവുകയേ ഉള്ളൂ, ഇത് അനുഭവിച്ചുമാത്രമേ ഇല്ലാതാവുകയുള്ളൂ. അനന്തരഫലങ്ങൾ നാം അനുഭവിച്ചേ മതിയാവൂ, അത്രമാ




ത്രം. മറ്റ് പോംവഴികളൊന്നുമില്ല. ഇനി മറ്റ് രണ്ടുതരം ഉണ്ട്. അറിവില്ലാതെ, ജ്ഞാനമില്ലാതെ, ഒരു അവബോധവുമില്ലാതെ, നമ്മൾ കർമ്മങ്ങൾ ചെയ്യാം, പ്രവൃത്തികൾ നിർവഹിച്ചേക്കാം. ആ കർമ്മങ്ങളെ *സഞ്ചിതം* എന്നാണ് വിളിക്കുക. എന്നാൽ, പൂർണ്ണമായ അവബോധത്തോടെ നിങ്ങൾ ചെയ്യുന്ന കർമ്മങ്ങൾ *ആഗമി* എന്നാണ് അറിയപ്പെടുക. ഫലാനുസാരിയായി, ഇവയാണ് മൂന്നുതരം കർമ്മങ്ങൾ: *പ്രാരബ്ധം, സഞ്ചിതം, ആഗമി.* ഇവയാണ് ഭൂതകാലത്ത്, വർത്തമാനകാലത്ത് അറിവില്ലാതെ, പിന്നെ വർത്തമാനകാലത്ത് അറിവോടെ, ചെയ്യുന്നവ.

സ്വാമി എത്ര ഭംഗിയായാണ് അവതരിപ്പിക്കുന്നത്! എന്തൊരു സുവ്യക്തമായ ചിത്രീകരണം! വിഷയത്തിന്റെ എത്ര ശാസ്ത്രീയമായ അവതരണമാണിത്! നിങ്ങൾ ഭഗവാനെക്കണ്ട് പഠിക്കണം, അതെ. നാം ഗുരുക്കന്മാരുടെ ഗുരുവിൽനിന്ന്, ജഗത്ഗുരുവായ ഭഗവാൻ ബാബയിൽനിന്നുതന്നെ, പഠിക്കേണ്ടിയിരിക്കുന്നു. നാം അവിടുത്തെ ശ്രവിക്കേണ്ടിയിരിക്കുന്നു, നാം അവിടുത്തെ സാഹിത്യം വായിക്കേണ്ടിയിരിക്കുന്നു, പിന്നെ നാം വായിക്കുന്നത്, നാം കേൾക്കുന്നത്, രേഖപ്പെടുത്തേണ്ടിയിരിക്കുന്നു, പുനർവിചിന്തനം നടത്തേണ്ടിയിരിക്കുന്നു, സ്മരിക്കേണ്ടിയിരിക്കുന്നു. എന്നിട്ട്, ആ ഉള്ളടക്കത്തിൽ, ആ സാരത്തിൽ, അവിടുത്തെ മുഴുവൻ പ്രബോധനങ്ങളിലും സ്വയം പ്രതിഷ്ഠിതമാവുക, ദൃഢനിശ്ചയമെടുക്കുക. ഇതിനെയാണ് *നിദിധ്യാസം* എന്ന് വിളിക്കുക. അവിടുത്തെ കേൾക്കുന്നത് *ശ്രവണ*മാണ്, പുനർവിചിന്തനം നടത്തുന്നത് *മനന*മാണ്, അതിൽ സ്വയം പ്രതിഷ്ഠിതമാവുന്നത് *നിദിധ്യാസ*മാണ്. അപ്പോൾ നിങ്ങൾക്ക് ആത്മബോധം, ആത്മാനുഭവം ഉണ്ടാവും. അതാണ് ഈ ജന്മത്തിലെ നിങ്ങളുടെ സകല കർമ്മങ്ങളുടെയും,

സകല അറിവുകളുടെയും, നിങ്ങളുടെ സകല നേട്ടങ്ങളുടെയും ഫലം. അത് *ജന്മ സാഫല്യം* ആകുന്നു, നമ്മുടെ ജന്മം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു, നമ്മുടെ ജന്മം ഈ ആത്മജ്ഞാനത്താൽ സഫലീകരിക്കപ്പെട്ടിരിക്കുന്നു.

ഇനിയും ഞാൻ കുറച്ചുകൂടി ആശയങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. എന്താണീ പാപങ്ങൾ എന്നുവച്ചാൽ? അക്കാര്യത്തിൽ, ജ്ഞാനം, അവബോധം, ഒരു വള്ളംപോലെ സഹായിക്കും എന്നാണ് ഉറപ്പ്. വള്ളം നമ്മെ നദി അഥവാ സമുദ്രം തരണംചെയ്യാൻ സഹായിക്കുന്നതുപോലെത്തന്നെ ഈ *ജ്ഞാനനൗക*യും. മുങ്ങിപ്പോകാതെ നിങ്ങൾക്ക് തീരമണയാനാവും. ഈ വള്ളം നിങ്ങളെ മുങ്ങിത്താഴാൻ അനുവദിക്കില്ല. ഇതേ രീതിയിൽ, നിങ്ങൾക്ക് ഈ *ജ്ഞാനനൗക* കൈവശമുണ്ടെങ്കിൽ നിങ്ങളുടെ പാപങ്ങളൊന്നും നിങ്ങളെ സ്പർശിക്കില്ല. *ജ്ഞാനപ്ലവേനൈവ, ജ്ഞാനപ്ലവേനൈവ* അർത്ഥം, ഈ ജ്ഞാനമാകുന്ന തോണി, ജ്ഞാനനൗക, പൊങ്ങിക്കിടക്കും, വെള്ളം അകത്തുകടക്കാൻ അതൊരിക്കലും അനുവദിക്കില്ല. ഇപ്രകാരമാണ്, നമ്മുടെ പാപങ്ങൾക്ക് ഒരു



തരം പരിഹാരമെന്ന നിലയ്ക്ക് ഈ ജ്ഞാനനൗക, ബോധത്തിന്റെ ഈ തോണി, വളരെ ആവശ്യമുള്ളതാണ്.

പക്ഷേ, നിങ്ങളിതിനെപ്പറ്റി അന്വേഷിക്കാൻ ശ്രമിക്കുമ്പോൾ, എന്താണീ പാപങ്ങൾ, ഒരു പാപം എന്നാൽ എന്താണ്? പാപം എന്നാൽ എന്താണർത്ഥം? നിങ്ങളെ അധപതിപ്പിക്കുന്നതെന്തോ അത്, ഉയരത്തിൽനിന്നും നിങ്ങളെ താഴേക്ക് പതിപ്പിക്കുന്നത്. പാപങ്ങളുടെ കാരണത്താലാണ് നിങ്ങൾ താഴേക്ക് പതിക്കുന്നത്. അതാണ് പാപം എന്നതിനർത്ഥം. പക്ഷേ, ബാബ നമുക്ക് പറഞ്ഞുതന്ന അർത്ഥം എന്താണ്? *പാപായ പരപീഢനം*. *പാപം* എന്താണ്? അപരാധം. *പര*, ഈശ്വരൻ, *പീഢനം,* നാനത്വമെന്ന് തോന്നുന്നത്. ഒരു ഈശ്വരൻ മാത്രമേയുള്ളൂ. ആ ഒരു ഈശ്വരനെ പലതായി കരുതുന്നത് പാപം അഥവാ അപരാധമാണ്. *പരപീഢനം: പരം* എന്നാൽ ദിവ്യം. *പീഢനം* അതിനെ പലതെന്ന് കരുതുക. ഒന്നിനെ പലതായി കാണുക-*പാപായ*-അത് ഏറ്റവും പാപമാണ്.

അതിനാൽ, നമ്മുടെ എല്ലാ പാപങ്ങളും, പരമമായി നമ്മുടെ *അജ്ഞാനം*, അറിവില്ലായ്മയും *കാമ*വും, ആഗ്രഹങ്ങളും മൂലമാണ്, അത്രേയുള്ളൂ. അതുകൊണ്ട്, അവയെ ഈ അറിവുകൊണ്ട് തരണംചെയ്യണം,, ജ്ഞാനാഗ്നികൊണ്ട്, അഗ്നിയായ ജ്ഞാനം കൊണ്ട്,

അവയെ എരിച്ചുകളയണം. ജ്ഞാനത്തിന്റെ ആ തോണിക്ക് മാത്രമേ നമ്മുടെ നമ്മുടെ പാപങ്ങൾക്ക് മീതെ പൊന്തിക്കിടക്കാനാവൂ, എല്ലാം ഒഴുക്കിക്കളയാനാവൂ.

ഇനി, എന്തുതരം, എന്ത് അറിവാണ് ജ്ഞാനം? എന്താണത്? അത് ലൗകികമായ അറിവല്ല, അല്ല! അത് കലയെപ്പറ്റി, ശിൽപ്പവിദ്യയെപ്പറ്റി, സാഹിത്യത്തെപ്പറ്റി, കവിതയെപ്പറ്റി ഉള്ള അറിവല്ല. അല്ല. അത് ലോകജ്ഞാനം, ലൗകിക അറിവല്ല. അത് കലാജ്ഞാനം, സുന്ദരകലകളെപ്പറ്റിയുള്ള അറിവല്ല. അത് *ഭൗതിക ശാസ്ത്രജ്ഞാന*മല്ല, അത് *ധർമ്മജ്ഞാന*മല്ല, അത് നിങ്ങളുടെ നിയമം പോലെയുള്ള ഒരു ശാസ്ത്രമല്ല. ഈ വിഷയങ്ങളെല്ലാം-കല, ശാസ്ത്രം, നിയമം-ഇതെല്ലാം ഒരൊറ്റ വിഭാഗത്തിലാണ് വരിക, *വിഷയജ്ഞാനം*. അവ ഏതെങ്കിലുംതരത്തിലുള്ള ലൗകികഅറിവാണ്, ലൗകികമായ തരം വിവരമാണ്, അത് വരികയും പോവുകയും ചെയ്യും. അത് കാലാകാലങ്ങളിൽ മാറിക്കൊണ്ടിരിക്കും; അവ ഒരിക്കലും എക്കാലത്തും സ്ഥിരമാവില്ല.

എന്നാൽ ഒരേയൊരു അടിസ്ഥാനജ്ഞാനമേയുള്ളൂ, അതിനെ നമ്മൾ *സാമാന്യജ്ഞാനം* എന്നാണ് വിളിക്കുന്നത്, അതെ, ആ മാറ്റമില്ലാത്ത, നിത്യമായ, അടിസ്ഥാന ആദ്ധ്യാത്മികജ്ഞാനമാണത്, അത് നാം ആർജ്ജിക്കാൻ ശ്രമിക്കണം, അഥവാ അതിനെപ്പറ്റി നമുക്ക് അവബോധമുണ്ടായിരിക്കണം. ഈ ആത്മജ്ഞാനം സനാതനം, സദാ ലഭ്യം, *നിത്യസിദ്ധം* ആണ്. അത് തനതാണ്. അതിനാലാണ് സ്വാമി വിവേകാനന്ദനും ബാബയും, ഇരുവരും പറഞ്ഞത്: "*മതം എന്നത് സാക്ഷാത്കാരമാണ്*". നിങ്ങൾക്ക് പുതുതായി എന്തെങ്കിലും ലഭിക്കാൻ പോവുകയല്ല. നിങ്ങൾ ഇന്ന് ആവാത്തതൊന്നും ആയിത്തീരാൻ പോവുന്നില്ല. *നിത്യസിദ്ധം,* അത് സദാ ലഭ്യം, നിങ്ങളിൽ നേരത്തേതന്നെ ഉള്ളതാണ്. അപ്രകാരമാണ് ആത്മജ്ഞാനവും.

ഈ ജ്ഞാനത്തിന്റെ ഫലം പരമമാണ്. *മഹാഫലം*, പരമമായത്. അതെന്താണ്? നിങ്ങൾ ബന്ധമുക്തരാവുന്നു, *വ്യാമോഹ*. നമ്മൾ സ്ഥാനമാനങ്ങളോട് മമതയുള്ളവരാകുന്നു, നമ്മൾ വസ്തുവകകളോട് മമതയുള്ളവരാകുന്നു, നമ്മൾ കുടുംബബന്ധങ്ങളോട് മമതയുള്ളവരാകുന്നു. ഒരിക്കൽ ആത്മജ്ഞാനം അഥവാ ആത്മാവിനെപ്പറ്റിയുള്ള ബോധം ഉദിച്ചാൽ പിന്നെ, ഈ ബന്ധനങ്ങളൊക്കെ പോകും. അപ്പോൾ അന്തിമമായി എന്തു സംഭവിക്കുമെന്നാൽ, ഒരിക്കൽ നിങ്ങൾക്ക് ആത്മാവബോധം ലഭിച്ചാൽ, ഈ മുഴുവൻ വിശ്വത്തെയും നിങ്ങളുടെ കേവലം പ്രതിഫലനമായി നിങ്ങൾ വീക്ഷിക്കും. അത്നിങ്ങ

ളുടെതന്നെ പ്രക്ഷേപണമാണ്. അവയെല്ലാം വേഷപ്പകർച്ചകളാണ്, പക്ഷേ അവയൊന്നും യാഥാർത്ഥ്യമല്ല; നേരേമറിച്ച് നിങ്ങൾ ഉണ്മയാണ്, ആത്മാവ് സത്യമാണ്,



ജ്ഞാനം സത്യമാണ്, അത്രമാത്രം. മറ്റെല്ലാം അതിന്റെ പ്രക്ഷേപണങ്ങൾ(projections) മാത്രം.

ചെറിയ ഉദാഹരണം: ബാബ ജീവികളെ വളരെയധികം സ്നേഹിക്കുന്നു. നമ്മൾ ബൃന്ദാവനിൽ മാനിനെ, അരയന്നങ്ങളെ, കുരങ്ങന്മാരെ, മയിലുകളെ ഒക്കെ കാണുന്നു. സ്വാമി ആഫ്രിക്ക സന്ദർശിച്ച വേളയിൽ അവിടുന്ന് വനഭംഗി എത്രമാത്രം ആസ്വദിച്ചുവെന്നതറിഞ്ഞും നമുക്ക് സന്തോഷം തോന്നുന്നു. ആഫ്രിക്കൻ വനങ്ങളിൽവച്ച്, സിംഹങ്ങളെ, കടുവകളെ, എന്തിന്, അവയെയൊക്കെ



കാണുമ്പോൾ ഭഗവാന് വലിയ സന്തോഷമായിരുന്നു. അവയെല്ലാം അവിടുത്തെ കാറിനടുത്ത് വരികയും അവിടുത്തെ അഭിവാദ്യം ചെയ്യുകപോലുമുണ്ടായി. എന്തുകൊണ്ടാണ് അവിടുന്ന് ഇവറ്റയെ ഭയപ്പെടാതിരുന്നത്? അവയുടെ പേര് കേട്ടാൽത്തന്നെ നമ്മൾ ഓടിക്കളയും, നമ്മുടെ ഹൃദയമിടിപ്പ് കൂടും. സ്വാമിക്ക് ഇവയെ പ്രേമപൂർവം നോക്കാൻ എങ്ങനെ കഴിയുന്നു? അവ കാറിനടുത്തേക്ക് വന്ന് അവിടുത്തെ അഭിവാദ്യം ചെയ്തത് എന്തുകൊണ്ടാവും? എന്തുകൊണ്ടെന്നാൽ, അവിടുന്ന് അവയെ തന്നിൽനിന്നും ഭിന്നമായല്ല കാണുന്നത്. അവിടുന്ന് എല്ലാറ്റിനെയും അവിടുത്തെ പ്രതിഫലനങ്ങളായാണ്

ദർശിക്കുന്നത്. അതാണ് *ആത്മജ്ഞാനം*, *ആത്മാവബോധം*. അവിടുന്ന് എല്ലാവരിലും അവിടുത്തെ രൂപമാണ്, സ്വസ്വരൂപം, അവിടുത്തെതന്നെ ദിവ്യരൂപം, ആണ് കാണുന്നത്, അവിടുന്ന് എല്ലാവരിലും തന്നെ കാണുന്നു. ഇതിനെ ***അധോമയി*** എന്നാണ് വിളിക്കുക, അർത്ഥം, ജീവാത്മാവും പരമാതാമാവും(individual soul and the cosmic soul), *ജീവനും ദേവനും*, വ്യത്യസ്തമല്ല എന്നാണ്. അതുരണ്ടും ഒന്നുതന്നെ. *ജീവേശ്വരൻ* ഒന്നേയുള്ളൂ. അതാണ് ***പരമമായ ആത്മജ്ഞാനം***.

ഭഗവാനോട് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്:




*ഓ സ്വാമീ! അത്തരം മനോഭാവം വികസിപ്പിക്കുന്നതിന് ഞങ്ങളെ സഹായിക്കണമേ, അത്തരം ആത്മാവബോധം വികസിപ്പിക്കുന്നതിന്, ആ ആത്മാവ് മാത്രമായിത്തീരുന്നതിന്, അവിടുത്തെ പ്രബോധനങ്ങളിലൂടെ ചരിക്കുന്നതിന്, അവിടുത്തെ ഉപദേശങ്ങളുടെ പാതയിലൂടെ നടക്കുന്നതിന് ഞങ്ങളെ സഹായിക്കണമേ! ഓ സ്വാമീ! അതെ, ദിവസങ്ങൾ കടന്നുപോകുന്തോറും, അവസാനവും അടുത്തടുത്ത് വരികയാണ്. ഈ ഭൂമിയോട് ഞങ്ങൾ വിടപറയുന്നതിനുമുമ്പ്, ഞങ്ങളെ സഹായിച്ചാലും! ആത്മജ്ഞാനത്താൽ ഞങ്ങളെ അനുഗ്രഹിച്ചാലും!*

ജയ് സായിരാം!

